Malayalam

# സുരക്ഷിതമായി ജനറേറ്റർ ഉപയോഗിക്കൽ

**Energy Safe Victoria**

## ഒരു പോർട്ടബിൾ ജനറേറ്ററിന്റെ സുരക്ഷിത ഉപയോഗവും തിരഞ്ഞെടുപ്പും

വൈദ്യുതി ഇല്ലാത്തവരും ജനറേറ്ററുകൾ ഉപയോഗിക്കുന്നവരുമായ വീട്ടുകാർക്ക് വിക്ടോറിയയുടെ എനർജി സേഫ്റ്റി റെഗുലേറ്ററായ, Energy Safe Victoria (ESV), ഇനിപ്പറയുന്ന ഉപദേശം നൽകുന്നു.

**വെള്ളപ്പൊക്കത്താൽ ബാധിക്കപ്പെട്ട വീട്ടുപകരണങ്ങളിലേക്ക് വൈദ്യുതി നൽകുന്നതിന് ജനറേറ്റർ (അല്ലെങ്കിൽ മറ്റേതെങ്കിലും പവർ ഉറവിടം) ഉപയോഗിക്കരുത്.**

## ഒരു ജനറേറ്റർ തിരഞ്ഞെടുക്കൽ

ജനറേറ്ററുകൾ വൈവിധ്യമാർന്ന ശേഷികളിലും വ്യത്യസ്ത വലുപ്പങ്ങളിലും ലഭ്യമാണ്. ഏറ്റവും സാധാരണമായവ ഇവയാണ്:

- **750 - 1000 വാട്ട്:** ഇതിന്റെ ശേഷി ചെറുതാണ്, ഇനിപ്പറയുന്നവ പോലുള്ള ചെറിയ അളവിലുള്ള എക്യുപ്മെന്റുകൾ പ്രവർത്തിപ്പിക്കാൻ പര്യാപ്തമാണ്:
  - കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോൺ ചാർജറുകൾ, ഒരു ചെറിയ ബാർ ഫ്രിഡ്ജ്, ക്യാമ്പിംഗ് സ്റ്റൈലിലുള്ള LED ലൈറ്റുകൾ. ഒരു ചെറിയ കെറ്റിലോ ടോസ്റ്ററോ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമല്ല.
- **2000 വാട്ട്**: ഇത് ഇടത്തരംശേഷിയുള്ളതാണ്, ഒരു സാധാരണ വീട്ടിലുപയോഗിക്കുന്ന തരം ഫ്രിഡ്ജോ മൈക്രോവേവോ ഒരു കെറ്റിലോ പ്രവർത്തിപ്പിക്കുന്നതിന് ശേഷിയുള്ളതാണ്. ഇവ മൂന്നും ഒരേ സമയം പ്രവർത്തിപ്പിക്കുന്നതിന് കഴിയാതെ വന്നേക്കാം.
- **5000 അല്ലെങ്കിൽ 8000 വാട്ട്**: ഇത് വലിയ ശേഷിയുള്ളതാണ്, മുകളിൽ സൂചിപ്പിച്ച അതേ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാകും എന്നതിനൊപ്പം രണ്ടാമതൊരു ഫ്രിഡ്ജ് അല്ലെങ്കിൽ ഫ്രീസർ, ഓയിൽ നിറച്ച ഹീറ്റർ, കെറ്റിൽ അല്ലെങ്കിൽ ടോസ്റ്റർ എന്നിവ പോലുള്ള ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള അധിക ശേഷിയുമുണ്ട്.

ജനറേറ്ററുകൾ ഒരു നിർദ്ദിഷ്ട ഓസ്ട്രേലിയൻ നിലവാരത്തിലാണ് നിർമ്മിച്ചിരിക്കുന്നത്, ജനറേറ്റർ നിരീക്ഷിക്കുകയാണെങ്കിൽ അത് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയും. RCM എന്നും അറിയപ്പെടുന്ന റെഗുലേറ്ററി കംപ്ലയൻസ് മാർക്ക് എന്ന് വിളിക്കുന്ന ചിഹ്നമുണ്ടോ എന്നറിയാൻ ഇടതുവശത്ത് നോക്കുക.

## ജനറേറ്റർ ഉപയോഗിക്കൽ

പോർട്ടബിൾ ജനറേറ്ററുകൾ ശ്രദ്ധയോടെ ഉപയോഗിക്കണം, കാരണം അവ ശരിയായി ഉപയോഗിക്കാത്ത സാഹചര്യത്തിൽ വൈദ്യുതാഘാതമോ തീപിടുത്തമോ ശ്വാസംമുട്ടലോ ഉൾപ്പെടെയുള്ള സുരക്ഷാ അപായങ്ങൾ ഉണ്ടാക്കാം. വൈദ്യുതി തടസ്സപ്പെടുന്ന സമയത്ത്, പോർട്ടബിൾ ജനറേറ്ററുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ കൈകാര്യം ചെയ്യുന്നതിന് ദയവായി ഈ സുരക്ഷാ ഉപദേശം പാലിക്കുക:

- വീട്ടുപകരണങ്ങൾ ജനറേറ്ററുമായി ബന്ധിപ്പിക്കുന്നതിന്; ഒരു എക്സ്റ്റൻഷൻ ലീഡ് പ്ലഗിൻ ചെയ്യുക, തുടർന്ന് ഒരു ഫ്രിഡ്ജ് പോലുള്ള മറ്റ് ഉപകരണങ്ങളെ ബന്ധിപ്പിക്കുന്നതിന് ഡബ്ബിൾ അഡാപ്റ്ററോ പവർ ബോർഡുകളോ ഉപയോഗിക്കുക.
- ഒരു ജനറേറ്ററിനെ ഉൾക്കൊള്ളുന്നതിനായി നിങ്ങളുടെ വീടിന്റെ വയറിംഗ് ഒരിക്കലും പരിഷ്ക്കരിക്കരുത്. വീടിന്റെ വയറിംഗുമായി ബന്ധപ്പെട്ട എന്തെങ്കിലും മാറ്റങ്ങൾ ലൈസൻസുള്ള ഇലക്ട്രീഷ്യനാണ് നിർവഹിക്കേണ്ടത്.
- പുറത്ത്, നല്ല വായുസഞ്ചാരമുള്ള ഇടത്തിൽ മാത്രമേ ജനറേറ്റർ ഉപയോഗിക്കാവൂ.
- പോർട്ടബിൾ ജനറേറ്ററുകൾ ഒരിക്കലും വീടിനകത്തോ, എല്ലാ വശങ്ങളും അടച്ചിട്ടുള്ള സ്ഥലങ്ങളിലോ ഉപയോഗിക്കരുത്. നിങ്ങൾക്ക് കാണാനോ മണക്കാനോ കഴിയാത്ത കാർബൺ മോണോക്സൈഡ് അവ പുറത്തുവിടുന്നുണ്ട്, കാർബൺ മോണോക്സൈഡ് ശ്വസിക്കുന്നത് വിഷബാധയ്ക്കും പെട്ടെന്നുള്ള ശ്വാസംമുട്ടലിനും മരണത്തിനും കാരണമായേക്കാം.

- ജനറേറ്ററുകൾ പുറത്ത് പ്രവർത്തിക്കുന്നതിന് രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളതാണ്. കാർ പോർട്ട് പോലെയുള്ള, കാലാവസ്ഥയിൽ നിന്ന് സുരക്ഷിതമാക്കപ്പെട്ടതും വായുസഞ്ചാരമുള്ളതുമായ സ്ഥലത്ത് ജനറേറ്റർ സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുന്നു. നിങ്ങളുടെ ജനറേറ്റർ സജ്ജീകരിക്കുന്ന സമയത്ത് നിങ്ങൾ ഇങ്ങനെ ചെയ്യുന്നുവെന്ന് ഉറപ്പാക്കുക:
  - പരന്ന നിലത്ത് ജനറേറ്റർ സ്ഥാപിക്കുക
  - എക്സ്ഹോസ്റ്റിൽ നിന്ന് പുറന്തള്ളപ്പെടുന്ന വായു പെട്ടെന്ന് കത്തുന്നതോ പൊട്ടിത്തെറിക്കുന്നതോ ആയ വസ്തുക്കളിലേക്കോ വീട്ടിലേക്കോ പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പാക്കുക
  - ഒരു കാർപോർട്ട്, ഈവ്സ് അല്ലെങ്കിൽ വരാന്തയ്ക്ക് താഴെ കാലാവസ്ഥയിൽ നിന്ന് സംരക്ഷണം നൽകുന്ന ഒരു ലൊക്കേഷൻ തിരഞ്ഞെടുക്കുക
  - എക്സ്ഹോസ്റ്റിൽ നിന്ന് വളരെയധികം ചൂട് നിർഗമിക്കുന്നതിനാലും അതുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന ഏതെങ്കിലും പദാർത്ഥം കത്തിക്കുകയും തീപിടിക്കുകയും ചെയ്യുന്നതിനാലും ജനറേറ്റർ മൂടിവയ്ക്കരുത്
  - ഇന്ധനം എങ്ങനെ ശരിയായി നിറയ്ക്കാം എന്നതുമായി ബന്ധപ്പെട്ട ജനറേറ്റർ നിർദ്ദേശങ്ങൾ പാലിക്കുക;
    - **വീണ്ടും ഇന്ധനം നിറയ്ക്കുന്നതിന് മുമ്പ് ജനറേറ്റർ ഓഫാണെന്നും തണുത്തിട്ടുണ്ടെന്നും ഉറപ്പാക്കുക**
    - **എക്സ്ഹോസ്റ്റിൽ നിന്ന് പുറന്തള്ളപ്പെടുന്ന ചൂടുള്ള വായുവിന് ഇന്ധനം കത്തിക്കാൻ കഴിയുമെന്നതിനാൽ ജനറേറ്ററിന്റെ ഇന്ധനം തുളുമ്പി വീഴാതിരിക്കാൻ ശ്രദ്ധിക്കുക**
    - **ജനറേറ്ററിന് സമീപം പുകവലിക്കരുത്, ഇന്ധനം നിറയ്ക്കുന്നതിന് മുമ്പ് മറയില്ലാത്ത ഇടങ്ങളിലുള്ള തീജ്വാലകൾ കെടുത്തുക**.
- നല്ല അവസ്ഥയിലുള്ളതും ജനറേറ്ററിന്റെ റേറ്റിംഗിന് തുല്യമായ വാട്ടിലോ ആമ്പിലോ റേറ്റ് ചെയ്തിരിക്കുന്നതുമായ ഹെവി-ഡ്യൂട്ടി എക്സ്റ്റൻഷൻ കോഡുകൾ മാത്രം ഉപയോഗിക്കുക.



- എക്സ്റ്റൻഷൻ കോഡുകളും വീട്ടുപകരണങ്ങളും ഇടയിലുള്ള കണക്ഷൻ പോയിന്റുകൾ കാലാവസ്ഥയിൽ നിന്ന് സംരക്ഷിക്കുക. വലതുഭാഗത്തുള്ളത് പോലെ, ഒരു സുരക്ഷാ ബോക്സ് പോലെയുള്ള നിരവധി ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്.
- നിലവിലുള്ള ഒരു സമർപ്പിത ജനറേറ്റർ ഇൻലെറ്റ് ഇല്ലാത്ത സാഹചര്യത്തിൽ, ഒരു വാൾ സോക്കറ്റിലേക്കോ സ്വിച്ച്ബോർഡിലേക്കോ ജനറേറ്റർ ബന്ധിപ്പിച്ച് വീടിന് വൈദ്യുതി നൽകാൻ ഒരിക്കലും ശ്രമിക്കരുത്. യൂട്ടിലിറ്റി വർക്കർമാരുടെയും അയൽക്കാരുടെയും, അതായത് ഒരേ പ്രാദേശിക നെറ്റ്വർക്കിലേക്ക് കണക്റ്റ് ചെയ്തിരിക്കുന്നവരുടെ, സുരക്ഷയെ അപകടത്തിലാക്കുന്ന ബാക്ക് ഫീഡിന് ഇത് കാരണമാകും. ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടത് ലൈസൻസുള്ള ഒരു ഇലക്ട്രീഷ്യൻ മാത്രമാണ്.
- ഇന്ധനം ശരിയായ സുരക്ഷാ കണ്ടെയിനറുകളിലും ഇഗ്നിഷൻ ഉറവിടങ്ങളിൽ നിന്ന് (ഉദാ. ഗ്യാസ് വാട്ടർ ഹീറ്റർ) അകലെയായും സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

## ആരാണ് ഞങ്ങൾ

വൈദ്യുതി, ഗ്യാസ്, പൈപ്പ് ലൈനുകൾ എന്നിവയുമായി ബന്ധപ്പെട്ട് വിക്ടോറിയയുടെ സുരക്ഷാ റെഗുലേറ്ററാണ് ESV.

വിക്ടോറിയൻ ഗ്യാസ്, ഇലക്ട്രിസിറ്റി വ്യവസായങ്ങൾ സുരക്ഷിതവും കമ്മ്യൂണിറ്റി പ്രതീക്ഷകൾ നിറവേറ്റുന്നതുമാണെന്ന് ഉറപ്പാക്കുകയാണ് ഞങ്ങളുടെ കടമ. ഇലക്ട്രീഷ്യൻമാർക്ക് ലൈസൻസ് നൽകുന്നതിനും അവരെ രജിസ്റ്റർ ചെയ്യുന്നതിനും ഊർജ്ജ സുരക്ഷയെ കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഞങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്.

### ഞങ്ങളെ ബന്ധപ്പെടുക

**ESV:** 03 9203 9700 അല്ലെങ്കിൽ 1800 800 158 (സൗജന്യ കോൾ); അല്ലെങ്കിൽ ഇമെയിൽ info@energysafe.vic.gov.au
കൂടുതൽ വിവരങ്ങൾ www.esv.vic.gov.au എന്ന Energy Safe Victoria വെബ്സൈറ്റിൽ ലഭ്യമാണ്